**Mar Joseph Srampickal**
Bishop, Syro Malabar Eparchy of Great Britain

Bishop's Office
St. Alphonsa of Immaculate Conception Cathedral,
St. Ignatius Square
Preston, Lancashire
United Kingdom
PR1 1TT
Email: smbishopofgb@gmail.com

Circular 13/2019 30 December 2019

# മദ്ധ്യസ്ഥ പ്രാർത്ഥന തിരുസ്സഭയെ ശക്തിപ്പെടുത്തുന്നു

മിശിഹായിൽ സ്നേഹം നിറഞ്ഞ സഹോദരീസഹോദരന്മാരേ,

ദൈവപുത്രനായ ഈശോ മിശിഹാ ദൈവത്തിന്റെയും മനുഷ്യരുടെയും ഇടയിൽ മദ്ധ്യസ്ഥനായിരിക്കുന്നതുപോലെ മാമ്മോദീസായിലൂടെ ഈശോയുടെ മരണത്തിലും ഉത്ഥാനത്തിലും പങ്കുചേർന്ന് സഭാ മക്കളും ദൈവമക്കളുമായിരിക്കുന്ന നമ്മളും മിശിഹായോട് ഐക്യപ്പെട്ട് മദ്ധ്യസ്ഥത്തിന്റെ കരങ്ങളുയർത്തുവാനുള്ള വിളികൂടി ഉള്ളവരാണ് എന്ന സത്യം നമുക്ക് മറക്കാതിരിക്കാം. വിശുദ്ധ പൗലോസ് ശ്ലീഹാ എഫേസൂസിലെയും കൊളോസോസിലെയും വിശ്വാസികളോട് തനിക്കുവേണ്ടിയും ദൈവജനത്തിനുവേണ്ടിയും മാദ്ധ്യസ്ഥ്യം യാചിക്കുവാൻ ഉദ്ബോധിപ്പിക്കുമ്പോൾ (എഫേ 6:18–20, കൊളോ 4:2–4) ശ്ലീഹാ വ്യക്തമാക്കുന്ന വസ്തുതയും ഇതു തന്നെ. സഭാ കൂട്ടായ്മകളെ രൂപപ്പെടുത്തികൊണ്ട് പ്രേഷിതയാത്രകൾ നടത്തുമ്പോൾ ദൈവജനത്തോടുള്ള ശ്ലീഹായുടെ അഭ്യർത്ഥനയും തനിക്കുവേണ്ടിയും സഭയുടെ ശുശ്രൂഷകൾക്കുവേണ്ടിയും മാദ്ധ്യസ്ഥ്യം വഹിച്ച് പ്രാർത്ഥിക്കണമെന്നതും അത് വലിയ അനുഗ്രഹങ്ങളുടെ ഭണ്ഡാരങ്ങൾ തുറക്കുമെന്നതുമാണ്: "ഞങ്ങൾക്കുവേണ്ടിയുള്ള പ്രാർത്ഥനകൾ വഴി നിങ്ങൾ ഞങ്ങളെ സഹായിക്കണം. അങ്ങനെ, അനേകരുടെ പ്രാർത്ഥനയുടെ ഫലമായി ഞങ്ങൾക്കു ലഭിച്ച അനുഗ്രഹത്തിന് അനേകം ആളുകൾ ഞങ്ങളെ പ്രതി സ്തോത്രമർപ്പിക്കുവാൻ ഇടയാകട്ടെ" (2 കോറി 1:11). അതിനാൽ മിശിഹായിൽ പ്രിയ വൈദികരേ, സമർപ്പിതരേ, സഹോദരീ സഹോദരന്മാരേ, മദ്ധ്യസ്ഥ പ്രാർത്ഥനയാൽ നമുക്കു കത്തോലിക്കാ സഭയെ പ്രത്യേകമായി സീറോ മലബാർ സഭയെ ശക്തിപ്പെടുത്താം. താനിരുന്ന വീടിന്റെ മേൽക്കൂര പൊളിച്ച് തളർവാതരോഗിയെ കൊണ്ടുവന്നവരുടെ വിശ്വാസം കണ്ട് തളർവാതരോഗിയെ സുഖപ്പെടുത്തുമ്പോൾ (മർക്കോ 2:3–12) ഈശോ വിശ്വാസികളുടെ മദ്ധ്യസ്ഥതയെ വിലമതിക്കുന്നുവെന്നും അത് വളരെ പ്രധാനപ്പെട്ടതാണെന്നും നമുക്ക് മനസ്സിലാക്കാം. നമ്മുടെ എല്ലാ ഇടവകകളിലും മിഷനുകളിലും പ്രോപ്പോസ്ഡ് മിഷനുകളിലും മദ്ധ്യസ്ഥ പ്രാർത്ഥനയ്ക്കായി സമയം കണ്ടെത്തുന്ന ധാരാളം വിശ്വാസികൾ ഉണ്ടാകട്ടെ എന്ന് ഞാൻ പ്രാർത്ഥിക്കുന്നു. ബഹുമാനപ്പെട്ട

വൈദികർ വിശ്വാസികളെ ഇക്കാര്യത്തിനായി ഒരുക്കുകയും അവർക്ക് നേതൃത്വം നല്കുകയും ചെയ്യണം.

2020ലെ മദ്ധ്യസ്ഥ പ്രാർത്ഥനയ്ക്കായുള്ള പ്രത്യേക നിയോഗങ്ങൾ:

1. സീറോ മലബാർ സഭയിലെ മെത്രാൻമാരുടെ പരിശുദ്ധ സിനഡ് (ജനുവരി 7 മുതൽ 15 വരെ)
2. പൗരോഹിത്യ സമർപ്പണ ജീവിതത്തിലേക്ക് ധാരാളം ദൈവവിളികൾ ലഭിക്കാൻ
3. നമ്മുടെ രൂപതയുടെ ദമ്പതീവർഷാചരണം (നവംബർ 28 വരെ)
4. നമ്മുടെ രൂപതയിലെ സമർപ്പിതരുടെ സംഗമം (ഫെബ്രുവരി 3)
5. നമ്മുടെ രൂപതയിലെ വൈദീകരുടെ വാർഷീക ധ്യാനം (ഫെബ്രുവരി 10 മുതൽ 13 വരെ)
6. നമ്മുടെ രൂപതയിലെ കൈക്കാരന്മാരുടെയും പ്രധാന മതാദ്ധ്യാപകരുടെയും ധ്യാനം (ഫെബ്രുവരി 14 മുതൽ 16 വരെ).
7. ഗ്രാൻഡ് മിഷൻ 2020 (ഫെബ്രുവരി 21 മുതൽ ഏപ്രിൽ 8 വരെ)
8. ഇവാഞ്ചലൈസേഷൻ ടീമിന്റെ ധ്യാനം (മാർച്ച് 9 മുതൽ 12 വരെ)
9. ലൊറേറ്റോ, റോം, അസ്സീസി തീർത്ഥാടനം (ഏപ്രിൽ 14 മുതൽ 18 വരെ)
10. എയിൽസ്ഫോർഡ് തീർത്ഥാടനം (മെയ് 23)
11. പരിശുദ്ധ മൂറോൻ കൂദാശ (മെയ് 30)
12. വാൽസിംഹാം തീർത്ഥാടനം (ജൂലൈ 18)
13. നാലാമത് രൂപതാ ബൈബിൾ കൺവെൻഷൻ (ഒക്ടോബർ 9 മുതൽ 18 വരെ)
14. നാലാമത് രൂപതാ ബൈബിൾ കലോത്സവം (നവംബർ 7)
15. കുടുംബകൂട്ടായ്മ വർഷാചരണം (നവംബർ 29 മുതൽ)

നമ്മുടെ രൂപതയ്ക്ക് ഒരു അജപാലന - ധ്യാന കേന്ദ്രം ലഭിക്കുന്നതുവരെ നമ്മുടെ രൂപതയിലെ എല്ലാ വൈദികരുടെയും സമർപ്പിതരുടെയും വൈദികവിദ്ധ്യാർത്ഥികളുടെയും വിശ്വാസികളുടെയും ഉപവാസത്തോടും കൈകൾ വിരിച്ചുപിടിച്ചുമുള്ള തീക്ഷണമായ പ്രാർത്ഥന യാചിക്കുന്നു.

നിങ്ങളെയെല്ലാവരെയും നമ്മുടെ കർത്താവായ ഈശോ മിശിഹാ സമൃദ്ധമായി അനുഗ്രഹിക്കട്ടെ.

മിശിഹായിൽ സ്നേഹപൂർവ്വം,

+ Joseph Srampickal

മാർ ജോസഫ് സ്രാമ്പിക്കൽ
ഗ്രേറ്റ് ബ്രിട്ടൺ സീറോ മലബാർ രൂപതാ മെത്രാൻ

---

NB: ഈ സർക്കുലർ ഗ്രേറ്റ് ബ്രിട്ടണിൽ സീറോ മലബാർ കുർബാന അർപ്പിക്കപ്പെടുന്ന എല്ലാ സമൂഹങ്ങളിലും 2020 ജനുവരി 27ന് മുമ്പായി വായിക്കേ താണ്.